FOR MORE VISIT www.pusthakam360.blogspot.com

# Class 9 Unit **1.** ജീവൽപ്രക്രിയകളിലേക്ക്

## Model Questions/Worksheet

by Rasheed Odakkal

**1.** താഴെ പറയുന്നവയിൽ ഏതാണ് ജീവന്റെ അടിസ്ഥാന ഘടകം?
a). കലകൾ b). അവയവങ്ങൾ c). കോശങ്ങൾ d). അവയവ വ്യവസ്ഥകൾ

**2.** DNA, RNA എന്നിവ -------- വിഭാഗത്തിൽപ്പെടുന്ന ബയോമോളിക്യൂളുകളാണ്.

**3.** മെറ്റാബൊളിസവുമായി ബന്ധപ്പെട്ട പ്രസ്താവനകൾ പരിശോധിച്ച് ശരിയായ ഉത്തരം തെരഞ്ഞെടുക്കുക:
i . മെറ്റാബൊളിസത്തിൽ തൻമാത്രകളെ കൂട്ടിച്ചേർക്കുന്ന പ്രവർത്തനങ്ങളുണ്ട്.
ii. മെറ്റാബൊളിസത്തിൽ തൻമാത്രകളെ വിഘടിപ്പിക്കുന്ന പ്രവർത്തനങ്ങളുണ്ട്.
a). പ്രസ്താവന i മാത്രം ശരിയാണ്. b). പ്രസ്താവന ii മാത്രം ശരിയാണ്.
c). പ്രസ്താവന രണ്ടും ശരിയാണ്. d). പ്രസ്താവന രണ്ടും ശരിയല്ല.

**4.** ഗ്ലൂക്കോസ്, ഫ്രക്ടോസ്, സൂക്രോസ്, സ്റ്റാർച്ച്, സെല്ലുലോസ് എന്നീ ബയോമോളിക്യൂളുകൾക്ക് പൊതുവായ തലക്കെട്ട് നൽകുക.

**5.** താഴെ പറയുന്നവയിൽ ബയോമോളിക്യൂൾ അല്ലാത്തത്?
a). കാർബോഹൈഡ്രേറ്റുകൾ b). ലിപിഡുകൾ c). ഹോർമോണുകൾ d). ATP

**6.** തന്നിട്ടുള്ള പദസൂര്യൻ പൂർത്തിയാക്കുക.




**7.** ടെസ്റ്റോസ്റ്റീറോൺ, ഈസ്ട്രോജൻ, പ്രോജസ്ട്രോൺ.
a). ഇവ ഏതുതരം ബയോമോളിക്യൂളുകളാണ്?
b). എവിടെയാണ് ഇവ ഉൽപാദിപ്പിക്കപ്പെടുന്നത്?

**8.** ചിത്രീകരണത്തിൽ A എന്നഭാഗത്തെ ശുദ്ധജലത്തെയും B എന്ന ഭാഗത്തെ ഉപ്പുലായനിയെയും അർധതാര്യസ്തരംകൊണ്ട് വേർതിരിച്ചതായി കാണിച്ചിരിക്കുന്നു.
a). ഒരു മണിക്കൂറിനുശേഷം നിരീക്ഷിച്ചാൽ എന്തുമാറ്റമാണ് കാണാൻ കഴിയുക? എന്തുകൊണ്ട്?
b). ഈ പ്രക്രിയയുടെ പേര് സൂചിപ്പിക്കുക.




**9.** ഉപ്പുവെള്ളത്തിലിട്ട കോശം ചുരുങ്ങിപ്പോകുന്നതിനുള്ള കാരണം എന്താണ്?

**10.** താഴെ പറയുന്ന പ്രക്രിയകളിൽ ഏതിനാണ് ഊർജ്ജം (ATP) ആവശ്യമായി വരുന്നത്?
a). ഡിഫ്യൂഷൻ b). ഓസ്മോസിസ് c). ഫെസിലിറ്റേറ്റഡ് ഡിഫ്യൂഷൻ d). ആക്ടീവ് ട്രാൻസ്പോർട്ട്

**11.** പ്ലാസ്മാസ്തരം പദാർത്ഥങ്ങളുടെ സംവഹനത്തെ എങ്ങനെ നിയന്ത്രിക്കുന്നു?

**12.** സസ്യങ്ങളുടെ ബാഹ്യപരിസ്ഥിതിയിൽനിന്നും അവയുടെ കോശങ്ങളിലേക്ക് പദാർഥങ്ങൾ എത്തിച്ചേരുന്നത് ഏതെല്ലാം മാർഗങ്ങളിലൂടെയാണ്?

**13.** പ്രകാശസംശ്ലേഷണം : അനാബൊളിസം,
പ്രോട്ടീൻ വിഘടനം : -------------- ?

**14.** പ്രകാശസംശ്ലേഷണത്തിന്റെ ഇരുണ്ട ഘട്ടത്തിലെ പ്രധാന ഉൽപ്പന്നം എന്താണ്?
a). ഓക്സിജൻ b). ജലം c). ഗ്ലൂക്കോസ് d.) ATP

**15.** a). തന്നിട്ടുള്ള ചിത്രം തിരിച്ചറിഞ്ഞ് പേര് നൽകുക.
b). ചിത്രത്തിൽ ജലത്തിന്റെ വിഘടനം സംഭവിക്കുന്ന ഭാഗത്തിന്റെ പേര്?
c). ഗ്ലൂക്കോസ് രൂപപ്പെടുന്ന ഇരുണ്ടഘട്ടം നടക്കുന്നത് എവിടെ വെച്ചാണ്?



FOR MORE VISIT www.pusthakam360.blogspot.com

**16**. കാരണം എന്തെന്ന് വ്യക്തമാക്കുക:

a). പ്രകാശഘട്ടം ഗ്രാനയിൽ വെച്ചാണ് സംഭവിക്കുന്നത്.

b). സമുദ്രത്തിന്റെ മലിനീകരണം മൂലം അന്തരീക്ഷത്തിൽ ഓക്സിജന്റെ കുറവ് വരുന്നു.

**17**. സസ്യങ്ങൾ പ്രകാശസംശ്ലേഷണം നടത്തുന്നില്ലെങ്കിൽ എന്താണ് സംഭവിക്കുക?

**18**. സസ്യങ്ങളിലെയും ജന്തുക്കളിലെയും മെറ്റാബൊളിസത്തിലുള്ള വ്യത്യാസമെന്താണ്?

**19**. താഴെ തന്നിട്ടുള്ള നാല് പ്രസ്താവനകൾക്കും യോജിച്ച പദം ബോക്സിൽനിന്നും കണ്ടെത്തുക:

| ഡിഫ്യൂഷൻ, ഫെസിലിറ്റേറ്റഡ് ഡിഫ്യൂഷൻ, ആക്ടീവ് ട്രാൻസ്പോർട്ട്, ഓസ്മോസിസ് |
|---|

a). ഗാഢത കൂടിയ ഭാഗത്തുനിന്നും കുറഞ്ഞഭാഗത്തേക്ക് അർധതാര്യസ്തരത്തിലൂടെ ജലതൻമാത്രകൾ പോകുന്നു.

b). ഗാഢത കൂടിയ ഭാഗത്തുനിന്നും കുറഞ്ഞഭാഗത്തേക്ക് ഓക്സിജൻ തൻമാത്രകളുടെ വ്യാപനം.

c). ഗാഢത കൂടിയ ഭാഗത്തുനിന്നും കുറഞ്ഞഭാഗത്തേക്ക് പ്രോട്ടീനുകളുടെ സഹായത്തോടെ തൻമാത്രകൾ പോകുന്നു.

d). ഗാഢത കുറഞ്ഞ ഭാഗത്തുനിന്നും കൂടിയ ഭാഗത്തേക്ക് പ്രോട്ടീനുകളുടെ സഹായത്തോടെ ഊർജമുപയോഗിച്ചുള്ള തൻമാത്രകളുടെ പോക്ക്.

**20**. ആഗോളതാപനം കുറയ്ക്കുന്നതിന് സസ്യങ്ങൾ എങ്ങനെ സഹായിക്കുന്നു?

**21**. കണ്ടൽക്കാടുകളുടെ പാരിസ്ഥിതിക പ്രാധാന്യം താഴെയുള്ളവയിൽ ഏതാണ്?

a). സസ്യഭുക്കുകൾക്ക് അവ അഭയം നൽകുന്നു

b). അവ കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് വർദ്ധിപ്പിക്കുന്നു

c). അവ മണ്ണൊലിപ്പും സുനാമിയും തടയുന്നു

d). അവ ജലാശയങ്ങളിലെ ഓക്സിജന്റെ അളവ് കുറയ്ക്കുന്നു.

**22**. 'സസ്യങ്ങൾ ജീവമണ്ഡലത്തിന്റെ സംരക്ഷകർ' എന്ന സെമിനാറിന്റെ ഉപവിഷയമായി നൽകാവുന്ന ഏതെങ്കിലും നാല് കാര്യങ്ങൾ ചേർക്കുക.

Rasheed Odakkal GVHSS Kondotty